# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

## കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്

4863 ശ്രീ. കെ. വി. വിജയദാസ്
,, കെ. കെ. നാരായണൻ
,, എ. എം. ആരിഫ്
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് എന്ന ഒരു പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള സാമ്പത്തിക സഹായം ഏത് ഏജൻസിയാണ് നൽകുന്നത്; എന്ത് തുകയുടേതാണ് പദ്ധതി; ഇത് സംബന്ധിച്ച കരാർ ഉണ്ടാക്കിയിട്ടുണ്ടോ; കരാറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) എന്ത് തുക ഇതിനകം ലഭിച്ചു; വിശദാംശങ്ങൾ നൽകുമോ;

(ഇ) പ്രസ്തുത പദ്ധതി ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇതിനകം ആരംഭിച്ചു; ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ആശ്രയ പദ്ധതി വിപുലീകരണം</u>

4864 ശ്രീ. വി. പി. സജീന്ദ്രൻ
,, അൻവർ സാദത്ത്
,, സി. പി. മുഹമ്മദ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആശ്രയ പദ്ധതി വിപുലീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) രണ്ടാം ഘട്ടം ആരംഭിക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിഷ്ക്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾ ഒഴിവാക്കിയിട്ടുണ്ടോയെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>'പുര' പദ്ധതി</u>

4865 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപ്രദേശങ്ങളിൽ നഗര പ്രദേശങ്ങളിലെ സൗകര്യമൊരുക്കുന്ന പദ്ധതിയായ പ്രൊവിഷൻ ഓഫ് അർബൻ അമിനിറ്റീസ് ഇൻ റൂറൽ ഏരിയ (പുര) പദ്ധതി സംസ്ഥാനത്തെ ഏതെല്ലാം പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു;

(ബി) 'പുര' പദ്ധതി പ്രകാരം എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) 'പുര' പദ്ധതിയ്ക്കായി 2011-12, 2012-13 വർഷങ്ങളിൽ കേന്ദ്രം എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഒറ്റപ്പാലം ടൗണിനോട് ചേർന്ന് കിടക്കുന്ന അമ്പലപ്പാറ ഗ്രാമപഞ്ചായത്തിനെ 'പുര' പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ശുചിത്വ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ ഒഴിവുകൾ</u>

4866 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുചിത്വ മിഷൻ വഴി എത്ര കോടി രൂപയുടെ പദ്ധതികളാണ് 2013-14 വർഷം നടപ്പിലാക്കുന്നത്;

(ബി) ഈ പദ്ധതികളിൽ ഏതെല്ലാം പ്രവർത്തികളാണ് ഉൾപ്പെടുന്നത്;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ശുചിത്വ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഏകോപന ചുമതല കോ-ഓർഡിനേറ്റർമാർക്കാണ് എന്നതു കണക്കിലെടുത്ത് ഒഴിവുള്ള തസ്തികകൾ നികത്തി പ്രവൃത്തികൾ സമയബന്ധിതമായി ചെയ്തു തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>എല്ലാ പഞ്ചായത്തുകളിലും പൊതുശ്മശാനം</u>

4867 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എല്ലാ പഞ്ചായത്തുകളിലും പൊതുശ്മശാനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് കഴിഞ്ഞില്ല എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

പഞ്ചായത്ത് അസസ്സ്മെന്റ് രജിസ്റ്ററുകളുടെ
കമ്പ്യൂട്ടർവൽക്കരണം

4868 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ അസസ്സ്മെന്റ് രജിസ്റ്ററുകൾ കമ്പ്യൂട്ടർ വൽക്കരിക്കാൻ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(ബി) എല്ലാ പഞ്ചായത്തുകളിലും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; നയം വ്യക്തമാക്കുമോ;

(സി) ഇൻഫർമേഷൻ കേരള മിഷൻ മുഖേന പഞ്ചായത്തുകൾക്കുവേണ്ടി ഏതെല്ലാം സോഫ്റ്റ്വെയറുകളാണ് നടപ്പിലാക്കിയിരിക്കുന്നത്; ഇത് മുഴുവൻ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട കേസ് നടത്തിപ്പിന് അനുവദിച്ച തുക</u>

4869 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട കേസുകളുടെ നടത്തിപ്പിനുവേണ്ടി പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നിലവില്‍ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുക കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നിര്‍ദ്ദേശം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കില്‍ തുക വര്‍ദ്ധിപ്പിക്കാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്ഥാപനങ്ങൾക്ക് ലഭിച്ച സാമ്പത്തിക സഹായം</u>

4870 ശ്രീ. എം. എ. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2013-14 സാമ്പത്തിക
വർഷം നൽകിയ സാമ്പത്തിക സഹായം എത്രയെന്ന് ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമ പഞ്ചായത്തുകൾ തരംതിരിച്ച് വ്യക്തമാക്കാമോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവ് സംബന്ധിച്ച് എന്തെങ്കിലും അവലോകനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>പഞ്ചായത്തുകൾ നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

4871 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) 2012-2013 സാമ്പത്തിക വർഷം പഞ്ചായത്തുകളിലൂടെ നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം എപ്രകാരമായിരുന്നു ; ഓരോ പദ്ധതിക്കും അനുവദിച്ച തുകയും വിനിയോഗിച്ച തുകയും ശതമാനവും വ്യക്തമാക്കുമോ ;

(സി) 2013-2104 സാമ്പത്തിക വർഷത്തെ ഇതുവരെയുള്ള ഫണ്ടു വിനിയോഗം എപ്രകാരമാണന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച പദ്ധതി വിഹിതം

4872

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ച ആകെ പദ്ധതി വിഹിതം എന്തു തുകയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഉത്പാദന മേഖല, സേവനമേഖല, പശ്ചാത്തല മേഖല എന്നിവയ്ക്ക് യഥാക്രമം എന്തു തുക വീതവും ഇത് എത്ര ശതമാനം വീതവും ചെലവഴിക്കപ്പെട്ടു എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ
പദ്ധതി ഫണ്ടുകളുടെ വിനിയോഗം</u>

4873 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എ.കെ. ബാലന്‍
,, വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ 12-ാം പദ്ധതിയുടെ ഇതേവരെയുള്ള നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ; ഈ കാലയളവിലെ പദ്ധതി ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് വിശദമാക്കുമോ;

(ബി) 2012-13-ല്‍ മൊത്തം ഗ്രാന്റ്-ഇന്‍-എയ്ഡ് തുകയുടെ എത്ര ശതമാനം വിനിയോഗിക്കുകയുണ്ടായിട്ടില്ല എന്നറിയിക്കുമോ; ഇതിന്റെ മുഖ്യകാരണങ്ങള്‍ എന്തെല്ലാമായിരുന്നു;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളില്‍ തന്നെ ചെലവിനങ്ങളില്‍ വലിയ വ്യതിയാനങ്ങള്‍ കാണുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയിനത്തിൽ ചെലവഴിച്ച തുക</u>

4874 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2012 -13 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ ലഭിച്ച തുകയും, ചെലവഴിച്ച തുകയും അതിന്റെ ശതമാനവും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലത്തിൽ എപ്രകാരമായിരുന്നു;

(സി) 2013-14 സാമ്പത്തിക വർഷം ലഭിച്ച തുകയും, ചെലവാക്കിയ തുകയും അതിന്റെ ശതമാനവും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലത്തിൽ എപ്രകാരമായിരുന്നു;

(ഡി) 2012-13 സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റ്റി. എസ്. പി, എസ്. സി. പി ഫണ്ട് വിനിയോഗം എപ്രകാരമായിരുന്നു; ലഭിച്ച തുക, ചെലവാക്കിയ തുക, ശതമാനം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് തലത്തിൽ വ്യക്തമാക്കുമോ;

(ഇ) 2013-14 സാമ്പത്തിക വർഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ റ്റി. എസ്. പി, എസ്. സി. പി ഫണ്ട് വിനിയോഗം എപ്രകാരമായിരുന്നു; ലഭിച്ച തുക, ചെലവാക്കിയ തുക, ശതമാനം ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് ക്രമത്തിൽ വ്യക്തമാക്കുമോ;

(എഫ്) 2013-14 ലെ വാർഷിക പദ്ധതി രൂപവൽക്കരണ നടപടികൾ എപ്പോഴാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതിച്ചെലവ്</u>

4875 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014 ജനുവരി 1 വരെയുള്ള കണക്കിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവിന്റെ വിശദവിവരങ്ങൾ നൽകുമോ; അവശേഷിക്കുന്ന തുകയും വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾക്ക് അംഗീകാരവും നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത കാലയളവിലെ എസ്.സി/എസ്.ടി ഫണ്ടിന്റെ ചെലവ് വിവരം സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

പട്ടികജാതികാർക്കും പട്ടികവർഗ്ഗകാർക്കും വേണ്ടിയുള്ള പ്രത്യേക ഘടക പദ്ധതി

4876 ശ്രീ. എ. കെ. ബാലൻ
,, പുരുഷൻ കടലുണ്ടി
,, കെ. രാധാകൃഷ്ണൻ
,, സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികേന്ദ്രീകരണ ആസൂത്രണത്തിൻ കീഴിൽ പട്ടികജാതികാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ള പ്രത്യേക ഘടക പദ്ധതിയും പട്ടികവർഗ്ഗ ഉപപദ്ധതിയും കാര്യക്ഷമമായി നടപ്പിലാക്കാൻ തയ്യാറാകുമോ;

(ബി) 2012-13 സാമ്പത്തികവർഷത്തെ എസ്.സി.പിക്കും ടി.എസ്.പി.ക്കും വേണ്ടിയുള്ള തദ്ദേശ സ്ഥാപനങ്ങൾക്കുള്ള വിഹിതവും അതിൽ ചെലവാക്കിയ തുകയും സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിഹിതത്തിന്റെ എത്ര ശതമാനംവീതം ചെലവഴിക്കാൻ കഴിയാതെ പോയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ.;

(സി) സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യാനുപാതത്തിനനുസൃതമായുള്ള വിഹിതം വികേന്ദ്രീകരണ ആസൂത്രണത്തിന് നൽകിയിട്ടുണ്ടോ; മുൻവർഷത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് വിശദീകരിക്കുമോ ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>പഞ്ചായത്ത് വകുപ്പിന്റെ പ്രവര്‍ത്തനം</u>

4877 ശ്രീ. തോമസ് ഉണ്ണിയാടന്‍
,, മോന്‍സ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്ത് വകുപ്പിന്റെ പ്രവര്‍ത്തനങ്ങള്‍ കൂടുതല്‍ കാര്യക്ഷമമാക്കുന്നതിന് ഈ സര്‍ക്കാര്‍ സ്വീകരിച്ചു വരുന്ന നടപടികള്‍ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പഞ്ചായത്തുകളുടെ പദ്ധതി നിര്‍വ്വഹണം കാര്യക്ഷമമമാക്കുന്നതിന് അഞ്ച് വര്‍ഷത്തേക്കുള്ള പദ്ധതികള്‍ തയ്യാറാക്കി അംഗീകരിക്കുകയും മുന്‍കൂര്‍ പണം ലഭ്യമാക്കി, ഗുണനിലവാരം ഉറപ്പ് വരുത്തുകയും ചെയ്ത് പദ്ധതികള്‍ യാഥാര്‍ത്ഥ്യമാക്കാന്‍ നടപടികള്‍ സ്വീകരിക്കുമോ ;

(സി) ജീവനക്കാര്‍ക്ക് കുറഞ്ഞത് ത്രൈമാസ പരിശീലനം നല്കി കാര്യക്ഷമമായ ഭരണ നിര്‍വ്വഹണത്തിന് നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസുകൾ</u>

4878 ശ്രീ. ആർ. സെൽവരാജ്
,, റ്റി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇത് വഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഫ്രണ്ട് ഓഫീസുകളുടെ പ്രവർത്തന സമയം ദീർഘിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

ഉല്പാദന മേഖലയ്ക്ക് ഫണ്ട് വകയിരുത്താതെ പദ്ധതി അംഗീകാരം

4879 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകൾ കൃഷി അടക്കമുള്ള ഉല്പാദന മേഖലയ്ക്ക് ഫണ്ട് വകയിരുത്തിയില്ലെങ്കിലും പദ്ധതി അംഗീകരിച്ചു നൽകാമെന്ന നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ നിലപാട് കാർഷിക മേഖലയുടെ തകർച്ചയ്ക്ക് ഇടവരുത്തുമെന്ന വിദഗ്ദ്ധരുടെ അഭിപ്രായം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിദഗ്ദ്ധരുടെ അഭിപ്രായം കണക്കിലെടുത്ത് കൃഷി അടക്കമുള്ള ഉല്പാദനമേഖലയ്ക്ക് ആവശ്യമായ തുക വകയിരുത്തണമെന്ന നിർദ്ദേശം ഗ്രാമപഞ്ചായത്തുകൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>കല്‍പ്പറ്റ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളുടെ പദ്ധതി നിര്‍വ്വഹണം</u>

4880 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളുടെ പദ്ധതി നിര്‍വ്വഹണം പൂര്‍ത്തിയാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പഞ്ചായത്ത് പ്രവൃത്തികള്‍ കാര്യക്ഷമമായി നിര്‍വ്വഹിക്കാന്‍ ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാര്‍ പഞ്ചായത്തുകളില്‍ ഇല്ലാത്തത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഓരോ പഞ്ചായത്തിലും ആവശ്യത്തിനു സാങ്കേതിക വിഭാഗം ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

ഏറനാട് മണ്ഡലത്തിലെ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

4881 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഊർണാട്ടിരി, ചാലിയാർ എന്നീ പഞ്ചായത്തുകളിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പ്രവർത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) 2013-14 വർഷത്തിൽ പ്രസ്തുത പഞ്ചായത്തുകളിൽ നിന്നും ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്തുന്ന ഗ്രാമപഞ്ചായത്തുകൾ</u>

4882 ശ്രീ. പി. കെ. ബഷീർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, കെ. എം. ഷാജി
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ നിന്നും ജനങ്ങൾക്കു ലഭിക്കേണ്ട സേവനം മെച്ചപ്പെടുത്തുന്നതിന് ഓഫീസുകൾ ഐ.എസ്.ഒ. നിലവാരത്തിലേക്ക് ഉയർത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഐ.എസ്.ഒ. നിലവാരമേർപ്പെടുത്തുമ്പോൾ ഏതെല്ലാം സേവന മേഖലകളിൽ മാറ്റമുണ്ടാകുമെന്നും അതിനായി എന്തെല്ലാം സംവിധാനങ്ങൾ പുതുതായി ഏർപ്പെടുത്തേണ്ടതുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) എത്ര പഞ്ചായത്തുകളാണ് ഇതിനായുള്ള പദ്ധതി തയ്യാറാക്കിയതെന്നതു സംബന്ധിച്ച വിശദവിവരം നല്കാമോ ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>ആലപ്പുഴ ജില്ലയിൽ ഐ.എസ്.ഒ. അംഗീകാരം നേടുന്നതിനായി തെരഞ്ഞെടുത്ത പഞ്ചായത്തുകൾ</u>

4883 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിൽ ഐ.എസ്.ഒ. അംഗീകാരം നേടുന്നതിനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>എം.എൻ. ലക്ഷം വീട് ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ നടപടി</u>

4884 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം. എൻ ലക്ഷം വീട് പദ്ധതിപ്രകാരം ആരംഭിച്ച ഭവനങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>വീടുകൾക്ക് നമ്പർ പ്ലേറ്റ്</u>

4885 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ നിർദ്ദേശ പ്രകാരം, സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും പരിധിയിലെ വീടുകൾക്ക് ഒരേ വലിപ്പത്തിലും, രീതിയിലുമുള്ള നമ്പർ പ്ലേറ്റുകൾ സ്ഥാപിക്കണമെന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) 23-02-2013-ൽ 492/2013 നമ്പരായി ഇതു സംബന്ധമായി എന്തെങ്കിലും ഉത്തരവ് തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) എങ്കിൽ ആയത് നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ഏത് ഏജൻസി മുഖേന നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) കുടുംബശ്രീ മുഖേന ഈ പദ്ധതി എത്രയും വേഗം നടപ്പിലാക്കുമോ എന്നറിയിക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>കെട്ടിടനമ്പർ അനുവദിക്കുന്നതിന് ഇളവ്</u>

4886 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പഞ്ചായത്തിരാജ് നിയമം 220 ബി-യിൽ ഇളവു നൽകി എത്ര കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിനുള്ള പ്രത്യേക അനുമതി നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെയും ഉടമസ്ഥരുടെയും പേരു വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>സ്ഥിരം കെട്ടിട നമ്പർ നൽകാൻ നടപടി</u>

4887

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കെട്ടിടങ്ങളിൽ പതിച്ചിരിക്കുന്ന വ്യത്യസ്ത വർഷങ്ങളിലെ കെട്ടിട നമ്പരുകൾ കാരണം കെട്ടിട ഉടമകളും കെട്ടിട കൈവശക്കാരും വിവിധ സേവനങ്ങൾക്ക് പഞ്ചായത്ത് ആഫീസുകളെ സമീപിക്കുമ്പോൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ കെട്ടിടങ്ങൾക്ക് സ്ഥിരം നമ്പർ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കെട്ടിട നമ്പരുകൾ കേന്ദ്രീകൃത കമ്പ്യൂട്ടർ ശൃംഖലയിലേക്ക് മാറ്റി കെട്ടിട നികുതി സമാഹരണം ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന എയ്ഡഡ് അദ്ധ്യാപകർ</u>

4888 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നത് സ്കൂളുകളിലെ അദ്ധ്യയനത്തിന് തടസ്സങ്ങളുണ്ടാക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർ കാലാവധി പൂർത്തിയാവുന്നതുവരെ അവധി എടുക്കണമെന്ന നിബന്ധന വയ്ക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>സൂചനാ ബോർഡുകൾ സ്ഥാപിക്കാൻ നടപടി</u>

4889 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, ജോസഫ് വാഴക്കൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തുന്നവർക്ക് വഴിയറിയാൻ സഹായകരമാകുംവിധം സൂചനാ ബോർഡുകൾ സ്ഥാപിക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;
വിശദമാക്കുമോ;

(ബി) എവിടെയൊക്കെയാണ് ഇത്തരം സൂചനാ ബോർഡുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിനായുള്ള ചെലവുകൾ എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>പഞ്ചായത്ത് ലൈബ്രറികളുടെ നവീകരണം</u>

4890 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ നിലവിലുള്ള ലൈബ്രറികൾ നവീകരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പഞ്ചായത്ത് ലൈബ്രറികൾ മിക്ക പഞ്ചായത്തുകളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) നിശ്ചിത യോഗ്യതയുള്ള ലൈബ്രേറിയനില്ലാത്ത ഇത്തരത്തിലുള്ള ലൈബ്രറികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) ഇവിടങ്ങളിൽ യോഗ്യതയുള്ള ലൈബ്രേറിയന്മാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ബയോഗ്യാസ് പ്ലാന്റുകൾ</u>

T.4891 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ഏജൻസികൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചവർക്ക് സബ്സിഡി നൽകുന്നതിന് നടപടി</u>

T.4892 ശ്രീ.എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തിലെ രണ്ടാം ഘട്ടത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചവർക്കുമാത്രം സബ്സിഡി നൽകാതിരിക്കുന്നത് വിവേചനവും അനീതിയുമാണെന്നതിനാൽ, ഇപ്പോഴും കാര്യക്ഷമമായി പ്രവർത്തിക്കുന്ന പ്ലാന്റുകളുടെ ഉടമകൾക്കെങ്കിലും സബ്സിഡി പൂർണ്ണമായും അനുവദിക്കുമോ;

(ബി) ഇത്തരം ഗാർഹിക ബയോഗ്യാസ് പ്ലാന്റുകളുടെ തുടർ സർവ്വീസിംഗിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണ്; ഓരോ ജില്ലയിലുമുള്ള സർവ്വീസിംഗ് കേന്ദ്രങ്ങളുടെ ലിസ്റ്റ് ഫോൺ നമ്പർ സഹിതം നൽകാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>മാനദണ്ഡങ്ങള്‍ പാലിക്കാതെ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയ നടപടി</u>

4893 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്ത് വകുപ്പില്‍ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയര്‍ സൂപ്രണ്ട് തസ്തികയിലേക്ക് 19.04.2013 ല്‍ നടന്ന പ്രൊമോഷന്‍/നിയമന ഉത്തരവില്‍ മാനദണ്ഡങ്ങള്‍ ലംഘിച്ച് സീനിയറായവരെ വിദൂരസ്ഥലങ്ങളില്‍ നിയമിച്ചുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ എത്ര പരാതികള്‍ ലഭിച്ചിട്ടുണ്ട്;

(ബി) ഇത് സംബന്ധിച്ച പരാതിയിന്മേല്‍ കോടതി ഉത്തരവുകള്‍ പ്രകാരം, എന്തെങ്കിലും നടപടി സ്വീകരിക്കാന്‍ നിര്‍ദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; ഇത്തരം കേസുകളില്‍ സ്വീകരിച്ച നടപടിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സ്ഥലംമാറ്റത്തിന് പഞ്ചായത്ത് വകുപ്പില്‍ മാനദണ്ഡം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കില്‍ പകര്‍പ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

10 വർഷം സേവനം പൂർത്തിയാക്കിയ താൽകാലിക ഡ്രൈവർമാരെ സ്ഥിരപ്പെടുത്താൻ നടപടി

4894 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ പഞ്ചായത്തുകളിൽ 10 വർഷത്തിലധികം സേവനം പൂർത്തിയാക്കിയ എത്ര താൽക്കാലിക ഡ്രൈവർമാരാണ് ഉള്ളതെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ബി) 10 വർഷത്തിലധികം സേവനം പൂർത്തിയാക്കിയ ഡ്രൈവർമാരെ സ്ഥിരപ്പെടുത്തണം എന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇക്കാര്യം പരിഗണനയിൽ ഉണ്ടോ എന്നറിയിക്കുമോ ;

(സി) 10 വർഷം പൂർത്തിയാക്കിയ ഡ്രൈവർമാരെ സ്ഥിരപ്പെടുത്തുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>തുറവൂർ എൽ. പി. സ്കൂളിലെ സ്വീപ്പറെ സ്ഥിരപ്പെടുത്താൻ നടപടി</u>

4895 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന എത്ര സ്കൂളുകളുണ്ടെന്ന് അറിയിക്കുമോ; ഈ സ്കൂളുകളിലെ ജീവനക്കാരിൽ താല്ക്കാലികമായി ജോലി ചെയ്യുന്ന എത്രപേരുണ്ടെന്നും ഇവരുടെ ജോലി സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്നും അറിയിക്കുമോ;

(ബി) തുറവൂർ ഗ്രാമ പഞ്ചായത്ത് എൽ. പി. സ്കൂളിലെ സ്വീപ്പർ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാരിയെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച ഫയലിൽ ഇനിയും തീർപ്പുണ്ടാക്കാത്തത് എന്തുകൊണ്ടാണെന്നും ഇവർ എത്ര വർഷമായി ഈ ജോലി ചെയ്യുന്നുവെന്നും അറിയിക്കുമോ;

(സി) ഈ ജീവനക്കാരിയുടെ സേവനകാലയളവും സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് ഇവർക്ക് നിയമപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകാനും ഇവരെ സ്ഥിരപ്പെടുത്താനും അടിയന്തര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിയമനം</u>

4896 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ തസ്തിക സൃഷ്ടിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കല്‍ അസിസ്റ്റന്റുമാരുടെ നിയമനം</u>

4897 ശ്രീ. എം. ഉമ്മര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കല്‍ അസിസ്റ്റന്റുമാരെ നിയമിക്കാനുള്ള ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം ടെക്നിക്കല്‍ അസിസ്റ്റന്റുമാരുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്ന് അറിയിക്കാമോ ;

(സി) ഇവര്‍ക്ക് നല്‍കി വരുന്ന പ്രതിഫലവും ആനുകൂല്യവും എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ;

(ഡി) ടെക്നിക്കല്‍ അസിസ്റ്റന്റുമാര്‍ക്ക് ഏതെല്ലാം അവധികള്‍ക്ക് അര്‍ഹതയുണ്ട് ;

(ഇ) ഇവര്‍ക്ക് ആര്‍ജിതാവധി, പ്രസവാവധി, ആകസ്മിക അവധി എന്നിവ അനുവദിക്കാനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>കൊടുവള്ളി ഗ്രാമപഞ്ചായത്ത് ബസ്സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷനുമുകളിൽ സ്വകാര്യ കെട്ടിടം നിർമ്മാണം</u>

4898

ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി ഗ്രാമപഞ്ചായത്ത് ബസ്സ്റ്റാന്റിൽ കംഫർട്ട് സ്റ്റേഷൻ ടാങ്കിന് മുകളിൽ കെട്ടിടം നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തിക്ക് ഗ്രാമപഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇവിടെ എത്ര നിലയിലുള്ള കെട്ടിടം നിർമ്മിക്കാനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച ഗ്രാമപഞ്ചായത്ത് തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കെട്ടിട നിർമ്മാണത്തിന് സ്വകാര്യവ്യക്തിയും ഗ്രാമപഞ്ചായത്തും തമ്മിൽ കരാർ നിലവിലുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ നടപടിക്രമങ്ങളിൽ പാലിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഓഫീസിലെ പണി പൂർത്തിയാകാത്ത സ്തൂപം</u>

4899 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ പഞ്ചായത്ത് ഓഫീസിന് മുന്നിൽ പണി പൂർത്തിയാകാത്ത സ്തൂപം നിലവിലുളളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് ആരുടെ സ്തൂപമാണ്, എന്നാണ് ഇത് പണി കഴിക്കുന്നതിനുളള തീരുമാനമെടുത്തത്; ആരാണ് തീരുമാനിച്ചത്;

(സി) ഇതിനുളള ഫണ്ട് എവിടെനിന്ന് അനുവദിച്ചു; വിശദാംശങ്ങൾ നല്കുമോ;

(ഡി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് പണി നടത്തിയത് ആരാണ്; ആർക്കാണ് പണി നടത്തുന്നതിനുളള ചുമതല നല്കിയത്;

(ഇ) എത്ര കാലംകൊണ്ടാണ് ഇതിന്റെ പണി പൂർത്തിയാക്കേണ്ടിയിരുന്നത്; ഇതിന്റെ പണി നിലച്ചതിനുളള കാരണം വ്യക്തമാക്കുമോ; നാളിതുവരെയായി ചിലവഴിച്ച തുകയുടെ വിശദവിവരം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>കിളിമാനൂർ പഞ്ചായത്തിലെ 'കനിവ്' പദ്ധതി</u>

4900 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിവരുന്ന കനിവ് ഗാർഹിക സാന്ത്വന പരിചരണ പദ്ധതിയെയും പ്രവർത്തനത്തേയും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഇതിന് ചെലവാകുന്ന തുക ഏത് ഫണ്ടിൽ നിന്നാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കുമോ ; ഈ പദ്ധതിക്കായി ഒരുമാസം എന്തു തുക ചെലവാക്കുന്നുണ്ട് ;

(സി) ഈ പദ്ധതിയുടെ ഗുണം പഞ്ചായത്തിൽ എത്ര പേർക്ക് ലഭിക്കുന്നുണ്ട്; അവരുടെ പേരും മേൽവിലാസവും വ്യക്തമാക്കാമോ ;

(ഡി) സാന്ത്വന പരിചരണ രംഗത്ത് മാതൃകാപരമായി പ്രവർത്തിക്കുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക സഹായം ലഭ്യമാക്കാറുണ്ടോ ; എങ്കിൽ ഇതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ ;

(ഇ) സാന്ത്വന പരിചരണ രംഗത്ത് കിളിമാനൂർ ഗ്രാമപഞ്ചായത്ത് മാതൃകാപരമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>പുതുക്കാട് നിയോജകമണ്ഡലത്തിലെ ചെറുവാൾ സ്റ്റേഡിയം</u>

4901 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ ചെറുവാൾ സ്റ്റേഡിയം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ പ്രോജക്ട് ലഭിച്ചതെന്നാണെന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ, അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ഭരണാനുമതി ലഭിക്കാൻ എന്താണ് തടസ്സമെന്ന് വിശദമാക്കുമോ;

(ഡി) ഭരണാനുമതി എന്ന് ലഭിക്കുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ ബാർ ഹോട്ടൽ ലൈസൻസുകൾ

4902 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി ഗ്രാമപഞ്ചായത്തിൽ എത്ര ബാർ ഹോട്ടലുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബാർ ഹോട്ടലുകൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ടെങ്കിൽ ലൈസൻസ് നൽകിയ തീയതികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത അനുമതി നൽകുന്നതിന് ചേർന്ന ഗ്രാമപഞ്ചായത്ത് യോഗത്തിൽ സംബന്ധിച്ചവരുടെ പേരുകൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തീരുമാനത്തോട് മെമ്പർമാരിൽ ആരെങ്കിലും വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നുവോ; എങ്കിൽ വിയോജിപ്പ് പ്രകടിപ്പിച്ചവരുടെ പേരുകൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>സാമൂഹ്യനീതി വകുപ്പിനുള്ള കേന്ദ്ര പദ്ധതി വിഹിതം</u>

4903 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013-14 വര്‍ഷത്തില്‍ സാമൂഹ്യനീതി വകുപ്പില്‍ ബഡ്ജറ്റ് വിഹിതമായി എത്ര രൂപ നീക്കിവെച്ചിട്ടുണ്ടെന്നും ഇതില്‍ എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) 2012-13, 2013-14 വര്‍ഷങ്ങളില്‍ കേന്ദ്ര വിഹിതമായി സാമൂഹ്യനീതി വകുപ്പിന് എത്ര രൂപ ലഭിച്ചു എന്നും ഏതൊക്കെ പദ്ധതികള്‍ക്കൊക്കെയാണ് തുക ലഭിച്ചത് എന്നും വെളിപ്പെടുത്തുമോ;

(സി) ഇതില്‍ ഏതൊക്കെ പദ്ധതികള്‍ക്ക് എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര പദ്ധതി വിഹിതം മുഴുവന്‍ ചെലവഴിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ അതിനുള്ള കാരണങ്ങള്‍ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>സാമൂഹ്യനീതി ദിനാചരണവുമായി ബന്ധപ്പെട്ട പദ്ധതികൾ</u>

4904 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി ദിനാചരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ വിദ്യാലയങ്ങളിലെ സാമൂഹ്യനീതി വകുപ്പില്‍ നിന്നുള്ള കൗണ്‍സിലര്‍മാരുടെ ചുമതലകള്‍</u>

4905 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ സ്കൂളുകളില്‍ സാമൂഹികനീതി വകുപ്പിനു കീഴിലായി കൗണ്‍സലര്‍മാരെ നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഇവരുടെ അടിസ്ഥാന യോഗ്യത എന്താണ്; ഒരു കൗണ്‍സലര്‍ക്ക് എത്ര സ്കൂളുകളുടെ ചുമതലയാണ് നല്‍കിയിട്ടുള്ളത്; ഇവര്‍ക്ക് പ്രതിമാസം നല്‍കുന്ന തുകയെന്ത്; എന്തൊക്കെയാണ് ഇവര്‍ക്കു നല്‍കിയിട്ടുള്ള ചുമതലകള്‍; ഇവരുടെ നിയമനരീതി എപ്രകാരമാണ്;

(ബി) സര്‍ക്കാര്‍ സ്കൂളുകളിലെ വിദ്യാര്‍ത്ഥികള്‍ക്ക് ലഭിക്കുന്ന ഈ സേവനം എയ്ഡഡ് സ്കൂളുകളിലെ വിദ്യാര്‍ത്ഥികള്‍ക്കും ബാധകമാക്കേണ്ടതല്ലേ എന്ന് വ്യക്തമാക്കുമോ;

(സി) പൊതുവിദ്യാലയങ്ങളിലെല്ലാം ഇത്തരം കൗണ്‍സലര്‍മാരുടെ സേവനം വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തൊക്കെ എന്ന് വിശദമാക്കാമോ; എന്നു മുതല്‍ ഈ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

'ശ്രുതി തരംഗം' പദ്ധതി

4906 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതിവകുപ്പിന്റെ പദ്ധതികളുടെ നടത്തിപ്പിനായി നിയോഗിക്കപ്പെട്ടിട്ടുള്ള തസ്തികകളിൽ എത്ര ഒഴിവ് നിലവിലുണ്ട് ; തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2013-14 സാമ്പത്തിക വർഷം അനുവദിച്ച തുക എത്ര ; ലഭിച്ച കേന്ദ്ര സഹായം എത്ര ; ഇവയിൽ 2013 ഡിസംബർ 31 വരെ എന്ത് തുക ചെലവായി ; എത്ര തുക ചെലവാക്കാൻ ബാക്കിയുണ്ട് വ്യക്തമാക്കുമോ ;

(സി) സാമൂഹ്യസുരക്ഷാമിഷൻ വഴി സാമൂഹ്യനീതി വകുപ്പ് നടപ്പാക്കുന്ന 'ശ്രുതിതരംഗം' പദ്ധതിയായ കോക്ലിയർ ഇംപ്ലാന്റ് ചികിത്സമൂലം എത്ര കുട്ടികളുടെ ചികിത്സ നാളിതുവരെ നടന്നു ; ആയതിന് ചെലവഴിച്ച തുക എത്ര ;

(ഡി) ഇത്തരം കുട്ടികളുടെ തുടർചികിത്സ എപ്രകാരം നടത്തി വരുന്നു ; വിശദമാക്കുമോ ;

(ഇ) ഇത്തരത്തിൽ ഓരോ വർഷവും എത്ര കുട്ടികളെ ചികിത്സിക്കാനാണ് മിഷൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ;

(എഫ്) സാമൂഹ്യ സുരക്ഷാ മിഷൻ വഴി നടപ്പാക്കുന്ന ശ്രുതിതരംഗം പദ്ധതിയിൽ സ്റ്റോർ പർച്ചേയ്സ് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാതെ ടെൻണ്ടർ ഒഴിവാക്കി ഏതെല്ലാം സ്വകാര്യ കമ്പനികളിൽനിന്നും എത്ര കോക്ലിയർ ഇംപ്ലാന്റ് വാങ്ങി ; എന്ത് തുക ഇതിനായി ചെലവാക്കി ; വ്യക്തമാക്കുമോ ;

(ജി) ഇതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നിയമവിധേയമല്ലാത്ത പ്രസ്തുത വാങ്ങൽ സംബന്ധിച്ച് ഉന്നതതല അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>കുടുംബശ്രീ പദ്ധതി പ്രവര്‍ത്തനം</u>

4907 ഡോ. ടി. എം. തോമസ് ഐസക്
ശ്രീമതി കെ. എസ്. സലീഖ
'' കെ. കെ. ലതിക
'' പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ദാരിദ്ര്യം നിര്‍മ്മാര്‍ജ്ജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ നായനാര്‍ സര്‍ക്കാര്‍ 1998 ല്‍ ആരംഭിച്ച കുടുംബശ്രീ പദ്ധതിയുടെ 12-ാം പദ്ധതി കാലയളവിലെ ഇതേവരെയുള്ള പ്രവര്‍ത്തനം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യപരവുമായ ആവശ്യങ്ങള്‍ നിറവേറ്റുന്നതില്‍ ഈ കാലയളവില്‍ കുടുംബശ്രീ പദ്ധതി പ്രവര്‍ത്തനം വഴി എന്തുമാത്രം സാധ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കുടുംബശ്രീയുടെ പരിഗണനയിലുള്ള നൂതന സംരംഭങ്ങള്‍ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

ദേശീയതലത്തിൽ കുടുംബശ്രീ

4908 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ-സാമ്പത്തിക-സ്ത്രീശാക്തീകരണ മേഖലകളിലെ കുടുംബശ്രീ പ്രവർത്തനങ്ങൾ മാതൃകയാക്കുന്നതിനായി ഏതൊക്കെ സംസ്ഥാനങ്ങളുമായി കുടുംബശ്രീ ധാരണാപത്രം ഒപ്പിട്ടു;

(ബി) പ്രസ്തുത ധാരണാപത്രത്തിൽ നിഷ്കർഷിച്ചിട്ടുള്ള വസ്തുതകൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ;

(സി) കുടുംബശ്രീയെ നാഷണൽ റിസോഴ്സ് ഓർഗനൈസേഷനായി അംഗീകരിച്ചതെന്നാണ്; അതിനായി ദേശീയ ഗ്രാമീണ ഉപജീവന മിഷൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(ഡി) നിലവിൽ കുടുംബശ്രീയിൽ അംഗങ്ങൾ ആയിട്ടുള്ളവർ സംസ്ഥാനത്ത് എത്രപേരുണ്ടെന്നാണ് കണക്കാക്കുന്നത്; 60 വയസ്സു കഴിഞ്ഞ കുടുംബശ്രീ അംഗങ്ങൾക്ക് പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകുന്നതിന് എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>പി. ഡബ്യു. ഡി. വി. ആക്ട്-2005 പരിഷ്കരണം</u>

4909 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബത്തിനുളളിൽ സംഭവിക്കുന്ന അക്രമം, വിവേചനം തുടങ്ങിയവയിൽ നിന്നും വനിതകളെ സംരക്ഷിക്കുന്നതിനായി 2005ൽ നിലവിൽ വന്ന ഗാർഹിക പീഡനത്തിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമം പി. ഡബ്ല്യൂ. ഡി. വി. ആക്ട് -2005 കാലോചിതമായി പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(സി) പി. ഡബ്ല്യൂ. ഡി. വി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുളള സേവനദാതാക്കൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് വനിതാ കമ്മീഷൻ എന്തെങ്കിലും ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>വിധവകളായ നിർദ്ധന യുവതികൾക്ക് ധനസഹായം</u>

4910 ശ്രീ. കെ. മുരളീധരൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' വർക്കല കഹാർ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് വിധവകളായ നിർദ്ധന യുവതികൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയിലേയ്ക്കുള്ള ധനസമാഹരണം എങ്ങനെ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമ പദ്ധതികൾ കാലോചിതമായി പരിഷ്ക്കരിക്കാൻ നടപടി</u>

4911 ശ്രീ. സി. എഫ്. തോമസ്
,, മോൻസ് ജോസഫ്
,, തോമസ് ഉണ്ണിയാടൻ
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീസുരക്ഷയ്ക്കും, കുട്ടികളുടെയും, മുതിർന്നവരുടെയും സംരക്ഷണത്തിനും സാമൂഹ്യ ക്ഷേമവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവരുടെ ക്ഷേമത്തിന് ആരംഭിച്ച പ്രസ്തുത പദ്ധതികളും പുതുതായി ആരംഭിക്കുവാൻ പോകുന്ന പദ്ധതികളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>സാമൂഹ്യക്ഷേമപദ്ധതികൾ</u>

4912 ശ്രീ. പി.കെ.ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രഖ്യാപിച്ചിട്ടുള്ള സാമൂഹ്യസുരക്ഷാപദ്ധതികൾ, പ്രത്യേകിച്ച് സ്ത്രീകൾ, കുട്ടികൾ, അഗതികൾ, വികലാംഗർ, വൃദ്ധർ ഇവരുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഓരോ ക്ഷേമപദ്ധതികളുടേയും വിശദാംശങ്ങളും അർഹത, മാനദണ്ഡങ്ങൾ, അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടത് എന്നീ വിവരങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷനുകൾക്കുള്ള അക്തഹത</u>

4913 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരാൾക്ക് ഒന്നിൽ കൂടുതൽ ക്ഷേമ പെൻഷനുകൾ ലഭിക്കാൻ അർഹതയുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ക്ഷേമ പെൻഷനുകളാണ് ഒരേ സമയം ലഭിക്കാൻ അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ക്ഷേമ പെന്‍ഷന്‍ കുടിശ്ശിക</u>

4914 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്ഷേമപെന്‍ഷനുകള്‍ കുടിശ്ശികയാകാന്‍ ഇടയായ സാഹചര്യം വിശദീകരിക്കാമോ;

(ബി) ക്ഷേമപെന്‍ഷന്‍ കുടിശ്ശിക അടിയന്തരമായി കൊടുത്ത് തീര്‍ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായുള്ള പുതിയ പദ്ധതികള്‍</u>

4915 ശ്രീ. ഇ. പി. ജയരാജന്‍
,, എസ്. ശര്‍മ്മ
,, കെ. രാധാകൃഷ്ണന്‍
,, സാജു പോള്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൃദ്ധജനസമൂഹത്തിന്റെ സാമൂഹ്യ-സാമ്പത്തിക-ആരോഗ്യ പരിപാലന കാര്യങ്ങളില്‍ സര്‍ക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ അടിസ്ഥാനത്തില്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കാമോ ;

(ബി) വാര്‍ദ്ധക്യകാല പെന്‍ഷന്‍ കാലികമായി വര്‍ദ്ധിപ്പിക്കാന്‍ തയ്യാറാകുമോ ;

(സി) വൃദ്ധജനങ്ങളുടെ ക്ഷേമത്തിനായുള്ള പുതിയ പദ്ധതികള്‍ എന്തൊക്കെയാണ് ;

(ഡി) ജനസംഖ്യയുടെ എത്ര ശതമാനം വൃദ്ധജനങ്ങള്‍ സംസ്ഥാനത്തുണ്ട് ; ഇവരില്‍ ഒരു ക്ഷേമപദ്ധതിയിന്‍ കീഴിലും വരാത്തവര്‍ എത്ര ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>വാര്‍ദ്ധക്യകാല പെന്‍ഷന്‍ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍</u>

4916 ശ്രീ. റ്റി. എ. അഹമ്മദ് കബീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വാര്‍ദ്ധക്യകാല പെന്‍ഷന്‍ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍ വ്യക്തമാക്കാമോ;

(ബി) വാര്‍ദ്ധക്യകാല പെന്‍ഷന്‍ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകള്‍ ഏതെല്ലാം;

(സി) പ്രായപൂര്‍ത്തിയായ ആണ്‍മക്കളുടെ സംരക്ഷണത്തിലുള്ള മാതാപിതാക്കള്‍ക്ക് വാര്‍ദ്ധക്യകാല പെന്‍ഷന്‍ ലഭിക്കുമോ; എങ്കില്‍ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

**റീജിയണൽ സെന്റർ ഫോർ ഫിസിക്കലി ഹാന്റിക്യാപ്ഡ് ആന്റ് റിസർച്ച്**

4917 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ലൂഡി ലൂയിസ്
,, പാലോട് രവി
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീജിയണൽ സെന്റർ ഫോർ ഫിസിക്കലി ഹാന്റിക്യാപ്ഡ് ആന്റ് റിസർച്ച് എന്ന സ്ഥാപനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്</u>

4918 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികലാംഗരുടെ കണക്കെടുപ്പും തിരിച്ചറിയൽ കാർഡ് വിതരണവും ഏതെല്ലാം സ്ഥാപനങ്ങൾ എത്ര പ്രാവശ്യം വീതം നടത്തിയിട്ടുണ്ടെന്നതിന്റെ വിശദവിവരം നല്കാമോ;

(ബി) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ഇതേവരെ എത്ര പ്രാവശ്യം തിരിച്ചറിയൽ കാർഡു വിതരണം നടത്തിയിട്ടുണ്ടെന്നും ഒട്ടാകെ എത്ര പേർക്ക് കാർഡ് നല്കിയിട്ടുണ്ടെന്നും എന്തു തുക ഇതിനായി ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) സാമൂഹ്യസുരക്ഷാ മിഷൻ വികലാംഗരുടെ കണക്കെടുപ്പും കാർഡുവിതരണവും നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് കാർഡു വിതരണം നടത്തിയെന്നും എന്തു തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ;

(ഡി) സംസ്ഥാന വികലാംഗക്ഷേമ കമ്മീഷണർ ഓഫീസിന്റെ ആഭിമുഖ്യത്തിൽ കണക്കെടുപ്പും കാർഡുവിതരണവും നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് കാർഡു നല്കി എന്നും എന്തു തുക ചെലവായി എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>18 വയസ്സിന് മുമ്പുള്ള വിവാഹങ്ങൾക്ക് സാധൂകരണം നൽകുന്നതിനുള്ള നടപടി</u>

4919 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ ;

(ബി) സാമൂഹ്യ-കുടുംബപരമായ കാരണങ്ങളാൽ 18 വയസ്സിനു മുൻപ് നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ഇളവുകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(സി) ഇത്തരം വിവാഹങ്ങൾക്ക് സാധൂകരണം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

മംഗല്യനിധി

4920 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹധനസഹായത്തിനായി രൂപം നൽകിയ മംഗല്യനിധിയിൽ ആകെ എത്ര രൂപ പിരിഞ്ഞുകിട്ടിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ നിന്നും എത്ര രൂപ ധനസഹായമായി നൽകിയെന്ന് വെളിപ്പെടുത്തുമോ;

(സി) ധനസഹായം നൽകാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതൊക്കെ കാറ്റഗറിയിൽ ഉള്ളവർക്കാണ് ധനസഹായം നൽകുന്നതെന്നും, എത്ര രൂപവരെ വാർഷികവരുമാനമുള്ള കുടുംബത്തിലെ പെൺകുട്ടികൾക്കാണെന്നും, പരമാവധി എത്ര രൂപ വരെ ധനസഹായം നൽകുമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>മംഗല്യനിധി പദ്ധതി</u>

4921 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹധനസഹായത്തിനായി രൂപം നൽകിയ മംഗല്യനിധിയിൽ നിന്നും സഹായം ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം അർഹരായവരെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ;

(സി) ഈ പദ്ധതിയിൽ നിന്നും സഹായത്തിനായി തിരുവനന്തപുരം ജില്ലയിൽ നിന്നും എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് ബ്ലോക്ക് തിരിച്ച് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>അനാഥാലയങ്ങളിലെ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി</u>

4922 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില അനാഥാലയങ്ങളിൽ പെൺകുട്ടികളെ ലൈംഗികമായും മറ്റും ചൂഷണം ചെയ്തുവരുന്നത് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് സംബന്ധിച്ചുള്ള അന്വേഷണവിവരങ്ങളുടെ വിശദാംശം അറിയിക്കുമോ;

(സി) അനാഥാലയങ്ങളിലെ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിലവിൽ എന്തൊക്കെ ക്രമീകരണങ്ങളാണുള്ളതെന്നറിയിക്കുമോ;

(ഡി) അനാഥാലയങ്ങളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എല്ലാ മാസവും കൃത്യമായ പരിശോധന നടത്തുന്നതിന് വ്യവസ്ഥ ചെയ്യുമോ; ആയതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്നതിന് തയ്യാറാകുമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>അനാഥാലയങ്ങൾക്കെതിരെയുള്ള പരാതികൾ</u>

4923 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃത്തിഹീനമായതും മനുഷ്യത്വരഹിതമായി പ്രവർത്തിക്കുന്നതുമായ അനാഥാലയങ്ങൾക്കെതിരെയുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആകെ എത്ര പരാതികളാണ് ലഭിച്ചത്; പ്രസ്തുത പരാതികളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>അനാഥാലയങ്ങളുമായി ബന്ധപ്പെട്ട കേസുകൾ</u>

4924 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസുകൾ നേരിടുന്ന എത്ര അനാഥമന്ദിരങ്ങൾ നിലവിലുണ്ടെന്നറിയുമോ; എങ്കിൽ പ്രസ്തുത മന്ദിരങ്ങളുടെയും നേരിടുന്ന കേസുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനാഥമന്ദിരങ്ങളിൽ നിന്നും കുട്ടികളെ കാണാതായതിന്റെ പേരിലും മന്ദിരങ്ങളിൽ കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്തതുമായി ബന്ധപ്പെട്ടും എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയുമോ;

(സി) അനാഥാലയങ്ങളുടെ മറവിൽ വിദേശങ്ങളിൽ നിന്നും പണമെത്തുന്നത് പരിശോധിക്കാൻ സാമൂഹ്യനീതി വകുപ്പ് സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>കുട്ടികളെ ദത്തെടുക്കുന്നതിനുള്ള നടപടികൾ</u>

4925 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാഥക്കുട്ടികളെ സംരക്ഷിക്കുന്ന എത്ര കേന്ദ്രങ്ങളുണ്ട്;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും കുട്ടികളെ ദത്തെടുക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>അംഗന്‍വാടികളുടെ പാചകവാതക കണക്ഷന്‍</u>

4926 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ അംഗന്‍വാടികള്‍ക്ക് പാചകവാതക കണക്ഷന്‍ എടുത്തിരിക്കുന്നത് അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരുടെ പേരിലാണെന്നത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) പാചക വാതക കണക്ഷന്‍ ആധാറുമായി ബന്ധിപ്പിക്കുമ്പോള്‍ സെക്രട്ടറിമാരുടെ പേരില്‍ ഒന്നിലധികം കണക്ഷനുകള്‍ നിലനില്‍ക്കാത്ത സാഹചര്യം ഉണ്ടാവുന്നത് ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(സി) അംഗന്‍വാടികളിലേക്ക് വിപണിവില കൊടുത്ത് പാചക വാതക സിലിണ്ടര്‍ വാങ്ങേണ്ട സാഹചര്യം ഒഴിവാക്കാന്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിനുള്ള ധനസഹായ</u>

4927 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് സാമൂഹ്യ നീതി വകുപ്പ് ധനസഹായം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വ്യവസ്ഥകൾ വിശദമാക്കുമോ;

(ബി) നാട്ടിക നിയോജക മണ്ഡലത്തിൽ സ്വന്തമായി 5 സെന്റ് സ്ഥലമുള്ള 8 അംഗൻവാടികൾക്ക് കെട്ടിടം പണിയാനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>നബാർഡ് സഹായത്തോടെ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ പദ്ധതി</u>

4928 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ധനസഹായത്തോടെ അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ, ഇതിനായി തെരെഞ്ഞെടുത്ത എത്ര അംഗൻവാടികൾ താനൂർ നിയോജക മണ്ഡലത്തിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) എന്നത്തേയ്ക്ക് ഈ പദ്ധതി നടപ്പാക്കാനാകുമെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

കല്ല്യാശ്ശേരിയിലെ അംഗൻവാടികൾ

4929 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചെറുതാഴം ഗ്രാമ പഞ്ചായത്തിലെ കുളപ്പുറത്ത് മാതൃകാ അംഗൻവാടിയുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ;

(ബി) ഒരു നിയോജകമണ്ഡലത്തിൽ 5 അംഗൻവാടികൾ നവീകരിക്കുന്നതിന് ലക്ഷ്യമിട്ട് നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ അംഗൻവാടികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ അംഗൻവാടികൾ</u>

4930 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ ആകെ എത്ര അംഗൻവാടികളുണ്ടെന്ന് പഞ്ചായത്തുകളും മുനിസിപ്പാലിറ്റിയും തിരിച്ച് വ്യക്തമാക്കാമോ; ഓരോ അംഗൻവാടിയുടേയും നമ്പരും സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ പേരും വ്യക്തമാക്കാമോ;

(ബി) ഇതിൽ സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾ ഏതൊക്കെയാണെന്നും കെട്ടിടം പണിയുവാൻ സ്ഥലമില്ലാത്ത അംഗൻവാടികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ അംഗൻവാടികൾ</u>

4931 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ എത്ര അംഗൻവാടികളാണ് ഉള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) ഇതിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളവ ഏതെല്ലാമാമെന്ന് അറിയിക്കാമോ;

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയ്ക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ എന്നറിയിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>രാമന്തളി ഗ്രാമപഞ്ചായത്തിൽ അംഗൻവാടി</u>

4932 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്തിൽ പുതുതായി അംഗൻവാടി അനുവദിക്കണമെന്നാവശ്യപ്പെട്ട് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസൽ പരിഗണിച്ച് അംഗൻവാടി അനുവദിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ഏറനാട് മണ്ഡലത്തിലെ വാളപ്ര അംഗൻവാടി സൈറ്റ് അപ്രൂവൽ</u>

4933 ശ്രീ.പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ കീഴുപറമ്പ് വാളപ്ര അംഗൻവാടിയുടെ സൈറ്റ് അപ്രൂവൽ സംബന്ധിച്ച് അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ഇത് സംബന്ധമായ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

വനിതാ കമ്മീഷനിലെ ഡെപ്യൂട്ടേഷൻ നിയമനം

4934 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേർ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇതിൽ സർക്കാർ നിർബന്ധിത ഡെപ്യൂട്ടേഷൻ നൽകിയവർ ആരൊക്കെയാണ്; വനിതാ കമ്മീഷനിൽ അപേക്ഷ സമർപ്പിച്ച് ഡെപ്യൂട്ടേഷൻ വാങ്ങിയവർ ആരൊക്കെയാണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര പേർക്ക് ഡെപ്യൂട്ടേഷൻ നൽകി; അവരുടെ പേരും തസ്തികയും വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഡെപ്യൂട്ടേഷന് അപേക്ഷ നൽകിയവരുടെ അപേക്ഷകളിൽ ആരുടെയെല്ലാം അപേക്ഷകൾ എന്തെല്ലാം കാരണങ്ങളാൽ നിരസിച്ചിട്ടുണ്ട്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനിതാ കമ്മീഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകിയവരിൽ തിരുവനന്തപുരം നഗരത്തിലെ വിവിധ ഓഫീസുകളിലായി ലാവണമുള്ള ആരൊക്കെയാണെന്നും ജില്ലയ്ക്ക് പുറത്ത് ലാവണമുള്ള ആരൊക്കെയാണെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഓഫീസർ തസ്തികകൾ</u>

4935 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര സി. ഡി. പി. ഒ. തസ്തികകൾ നിലവിലുണ്ട്:

(ബി) അതിൽ എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) തസ്തിക ഒഴിവുള്ള ഓഫീസുകളിൽ ആർക്കാണ് അധികച്ചുമതല നല്കി വരുന്നത്;

(ഡി) ഈ തസ്തികയിൽ ഇപ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ഇ) ഉണ്ടെങ്കിൽ നിയമനം നടത്തുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ;

(എഫ്) ഇല്ലെങ്കിൽ പി.എസ്.സി. മുഖേനയുള്ള നിയമന നടപടികൾ ത്വരിതപ്പെടുത്തുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

<u>ഐ. സി. ഡി. എസ്. സൂപ്പർവൈസർമാരെ സ്ഥലം മാറ്റുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ</u>

4936 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സോഷ്യൽ വെൽഫയർ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ എന്നാണ് ഭേദഗതി ചെയ്തിട്ടുള്ളത് എന്നു അറിയിക്കുമോ;

(ബി) ഐ. സി. ഡി. എസ്. സൂപ്പർവൈസർമാരെ സ്ഥലം മാറ്റുന്നതു സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(സി) ഐ. സി. ഡി. എസ്. സൂപ്പർവൈസർമാരായി സർവ്വീസിൽ കയറിയവർക്ക് മാത്രം സ്വന്തം ജില്ലയിലേയ്ക്ക് സ്ഥലം മാറ്റം നൽകാത്തത് എന്തുകൊണ്ടാണെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

## അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ്

4937 ശ്രീ. പാലോട് രവി
,, ഡൊമിനിക് പ്രസന്റേഷൻ
,, ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് രൂപീകരിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

ഐ. സി. ഡി. എസ് സൂപ്പര്‍വൈസര്‍മാര്‍ക്ക് മിനിമം പെന്‍ഷന്‍

4938 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അംഗന്‍വാടി വര്‍ക്കര്‍മാര്‍ക്ക് അനുവദിക്കപ്പെട്ട ക്വാട്ടയില്‍ ഐ. സി. ഡി. എസ് സൂപ്പര്‍വൈസര്‍മാരായി വിരമിച്ച എത്ര പേര്‍ക്ക് മിനിമം പെന്‍ഷന് യോഗ്യമായ സര്‍വ്വീസ് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) മിനിമം പെന്‍ഷന്‍ ലഭിക്കാന്‍ സര്‍വ്വീസ് ഇല്ലാത്തവര്‍ക്ക് മിനിമം പെന്‍ഷന്‍ ലഭിക്കുന്നതിനുവേണ്ടി അവരുടെ അംഗന്‍വാടി സര്‍വ്വീസ് കാലയളവ് കൂടി കണക്കിലെടുക്കുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**05.02.2014-ലെ മറുപടിക്ക്**

<u>ഐ. സി. ഡി. എസ് സൂപ്പർവൈസർ തസ്തികകൾ</u>

4939 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ഐ.സി. ഡി. എസ് സൂപ്പർവൈസർ തസ്തികകൾ നിലവിലുണ്ട്;

(ബി) എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്;

(സി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലെ ജോലികൾ തീർക്കാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ്;

(ഡി) ഒഴിവുള്ള തസ്തികകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 05.02.2014-ലെ മറുപടിക്ക്

സി. ഡി. പി. ഒ. തസ്തികകളിലെ സംവരണം

4940 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
'' റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. ഡി. പി. ഒ. തസ്തികകൾ വനിതകൾക്കു മാത്രമായി സംവരണം ചെയ്തപ്പോൾ പുരുഷ ജീവനക്കാർക്ക് ലഭിക്കേണ്ട അർഹതപ്പെട്ട പ്രൊമോഷൻ തടസ്സപ്പെടുന്ന സാഹചര്യം സംജാതമായിട്ടുണ്ടോ; എങ്കിൽ ആയതു പരിഹരിയ്ക്കാൻ നടപടി സ്വീകരിച്ചുവോ;

(ബി) ഇപ്രകാരം സി. ഡി. പി. ഒ. തസ്തികയിൽ വനിതാ സംവരണം നടപ്പാക്കിയ ശേഷം മിനിസ്റ്റീരിയൽ വിഭാഗത്തിൽപെട്ട വനിതകളെ സി. ഡി. പി. ഒ. തസ്തികയിൽ നിന്ന് ഒഴിവാക്കേണ്ടതായ സാഹചര്യം ഉണ്ടായൊയെന്നുള്ള വിശദാംശങ്ങൾ നല്കുമോ;

(സി) ഇപ്രകാരം വനിതാ സംവരണം ഏർപ്പെടുത്തിയതുമൂലം പുരുഷന്മാരായ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് പ്രമോഷൻ സാധ്യതകൾ നഷ്ടപ്പെട്ടതു പരിഹരിക്കുന്നതിനായി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്തിരുന്നുവോ;

(ഡി) ഇപ്രകാരം സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിയപ്പോൾ നിലവിൽ ഇവർക്ക് ലഭിച്ചുകൊണ്ടിരുന്ന പ്രമോഷൻ ഇല്ലാതായി എന്നതിനെപ്പറ്റിയുള്ള പരാതികൾ ഉയർന്നത് ശ്രദ്ധയിൽപെട്ടുവോ; എങ്കിൽ ആയത് പരിഹരിയ്ക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 05.02.2014-ലെ മറുപടിക്ക്

<u>'കില' യുടെ പ്രസിദ്ധീകരണങ്ങൾ</u>

4941 ശ്രീ.എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-2014 സാമ്പത്തിക വർഷത്തിൽ 'കില' യുടെ പ്രസിദ്ധീകരണ വിഭാഗം ഏതെല്ലാം പ്രസിദ്ധീകരണങ്ങളാണ് പ്രിന്റ് ചെയ്ത് പുറത്തിറക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) കില പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾ ഗ്രാമ പഞ്ചായത്തുകളിലെ മുഴുവൻ അംഗങ്ങൾക്കും സൗജന്യമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 27.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്.

[ചട്ടം 47(1)].

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**കേരള നിയമസഭ**

**05.02.2014-ലെ മറുപടിക്ക്**